സാമൂഹ്യ വനവൽക്കരണത്തിന് ചെലവായ തുക

50 [84] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983-84, 1984-85 എന്നീ വർഷങ്ങളിൽ സാമൂഹ്യവനവൽക്കരണത്തിനുവേണ്ടി ചെലവാക്കിയ തുകയെത്ര;

(ബി) പ്രസ്തുത തുകയിൽ വായ്പ എത്ര;

(സി) ഗ്രാന്റ് എത്ര;

(ഡി) വായ്പയ്ക്കു കൊടുക്കേണ്ട പലിശ എത്ര;

(ഇ) പലിശയും മുതലും (വായ്പയും) തിരിച്ചടച്ചുതുടങ്ങിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ തിരിച്ചടച്ച തുകയെത്ര?

ഉത്തരം

(എ) 1983-84-ൽ 223.538 ലക്ഷം രൂപയും 1984-85-ൽ 555.600 ലക്ഷം രൂപയും സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്. (പ്രാഥമിക കണക്ക്)

(ബി, സി, ഡി, ഇ, എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഇൻഡോർ സ്റ്റേഡിയം

51 [85] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കോഴിക്കോട് ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള ഇൻഡോർ സ്റ്റേഡിയത്തിന് ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇതിൽ സംസ്ഥാന ഗവൺമെന്റ് എത്ര രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്;

(സി) ഇനി എത്ര സംഖ്യകൂടി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സംഖ്യ എന്നു കൊടുക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) കോഴിക്കോട് ഇൻഡോർ സ്റ്റേഡിയ നിർമ്മാണത്തിന് 75 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറിന് അനുമതി നൽകിയിട്ടുണ്ട്. ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണച്ചെലവിന്റെ 75% ഗ്രാന്റായി നൽകുന്നതാണ്. ഇതനുസരിച്ചുള്ള 56,25,000 രൂപയ്ക്ക് കോഴിക്കോട് ജില്ലാ സ്പോർട്ട്സ് കൗൺസിൽ അർഹതയുണ്ട്. ഇതിൽ 39,50,000 രൂപ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly